LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ ഘടനാ സംരക്ഷണത്തിന് സമഗ്രമായ പദ്ധതി വിഭാവനം ചെയ്യുകയും ഇതിലേക്കായി 2-6-2017-ലെ സ.ഉ. (സാധ)366/2017/സാം.ക.വ. നമ്പർ ഉത്തരവുപ്രകാരം 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയിൽ കെട്ടിടങ്ങളുടെയും തകർന്ന ചുറ്റുമതിലിന്റെയും പുനരുദ്ധാരണവും മറ്റു പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്.

### ഡിജിറ്റൈസേഷൻ പദ്ധതി

221 (1560) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കി വരുന്നില്ല. എന്നാൽ പുരാരേഖാ വകുപ്പിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### പുരാവസ്തു വകുപ്പിന്റെ ടൂറിസം പദ്ധതികൾ

222 (1561) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫിഷറീസ് സെക്ടറുമായി യോജിച്ച് പുരാവസ്തു വകുപ്പിലൂടെ നടപ്പിലാക്കാനാവുന്ന ടൂറിസം പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പുരാവസ്തു വകുപ്പിൽ സമർപ്പിച്ച പദ്ധതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഫിഷറീസ് സെക്ടറുമായി യോജിച്ച് പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല.

**പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ**

223 (1562) ശ്രീ. എസ്. ശർമ്മ:
ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവയെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ആയത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി ചരിത്രകാരന്മാരെയും പുരാവസ്തു വിദഗ്ദ്ധന്മാരെയും ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവയെ ജനങ്ങളിലേക്കെത്തിക്കുന്നതിനുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'കേരള പൈതൃകോത്സവം' ഇക്കൊല്ലം ഡൽഹി, മുംബൈ, കൊൽക്കത്ത, ബംഗളൂരു എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെയും